# പ്ലാച്ചിമട ജനാധികാര യാത്ര സമാപിച്ചു




**പ്ലാച്ചിമട** നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിൽ കേന്ദ്ര-കേരള സർക്കാറുകളും നിയമസഭാസമാജികരും കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ച് പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമര സമിതിയും സംസ്ഥാന ഐക്യദാർഢ്യ സമിതിയും സംയുക്തമായി നടത്തിയ ജനാധികാര മാർച്ച് സമാപിച്ചു.

നവംബർ 25ന് കാസറഗോഡ് നിന്നും ആരംഭിച്ച യാത്ര പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയും സോഷ്യലിസ്റ്റ് നേതാവുമായ പന്നാലാൽ സുരാനയാണ് ഉദ്ഘാടനം ചെയ്തത്. തുടർ ദിവസങ്ങളിൽ കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകൾ പിന്നിട്ട് ഡിസംബർ 1, 2 തീയ്യതികളിൽ പാലക്കാട് പര്യടനം നടത്തി. തുടർന്ന് തൃശൂർ, ഏറണാകുളം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകൾ പിന്നിട്ട് ഡിസംബർ 11ന് യാത്ര തിരുവനന്തപുരത്ത് എത്തിച്ചേർന്നു.

കേരളത്തിലെമ്പാടുമായി, വിവിധ ജനകീയ സമരങ്ങൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കാനും സമരപ്രവർത്തകരുമായി സംവാദം നടത്താനും യാത്രികർക്ക് കഴിഞ്ഞു. പാറമടയ്ക്കെതിരായ സമരങ്ങൾ, വിമാനത്താവള വിരുദ്ധസമരങ്ങൾ, ഭൂമിക്കുവേണ്ടി നടത്തുന്ന പോരാട്ടങ്ങൾ, മാലിന്യപ്രശ്നങ്ങൾക്കെതിരായി പൊരുതുന്നവർ തുടങ്ങിയ നൂറുകണക്കിന് സമരപ്രവർത്തകരെ യാത്ര അഭിവാദ്യം ചെയ്തു. ഡിസംബർ 12ന് രാവിലെ 10 മണിയോടെ സെക്രട്ടറിയേറ്റ് പടിക്കൽ നിന്നും പ്രതിരോധ മന്ത്രി എ.കെ. ആന്റണിയുടെ വസതിയിലേക്ക് നടന്ന ജനാധികാര മാർച്ച് വഴിയിൽ പോലീസ് തടഞ്ഞു. പ്രവർത്തകർ റോഡിൽ കുത്തിയിരുന്ന് മുദ്രാവാക്യം മുഴക്കി. തുടർന്ന് നടന്ന സമ്മേളനം പ്രമുഖ സിനിമാ സംവിധായകൻ ലെനിൻ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്ലാച്ചിമട സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാലൻ സമരപ്രഖ്യാപനം നടത്തി. പ്ലാച്ചിമട നഷ്ടപരിഹാര ബിൽ പാസാക്കിയെടുക്കുന്നില്ലെങ്കിൽ ജനുവരി ഏഴു മുതൽ ദുരിതബാധിതരായ ജനങ്ങൾ, കൊക്കകോള കമ്പനിയുടെ പ്ലാച്ചിമടയിലെ ആസ്തികൾ പിടിച്ചെടുത്ത് കൃഷിക്ക് ഉപയുക്തമാക്കുകയും ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

കേരളീയം
പുസ്തകശാല പ്രസിദ്ധീകരിക്കുന്ന
**ഇക്കോളജി രാഷ്ട്രീയം തന്നെ**
**ആന്ദ്രെ ഗോർസ്**



**പരിഭാഷ: കെ. രാമചന്ദ്രൻ**
**പുറത്തിറങ്ങി**

മുതലാളിത്തത്തിന് എതിരായ സമരത്തിന്റെ
അനിവാര്യഭാഗമാണ് ഇക്കോളജിയെന്ന് വിശ്വസിച്ച
രാഷ്ട്രീയ ഇക്കോളജിസ്റ്റ് ആന്ദ്രെ ഗോർസിന്റെ ചിന്തകൾ
ആദ്യമായി മലയാളത്തിൽ



**പേജ്: 296. വില: 250 രൂപ**

*കോപ്പികൾക്ക്:* കേരളീയം, കൊക്കാലെ, തൃശൂർ – 680021.
ഫോൺ: 04872421385, 9446586943. email: mailkeraleeyam@gmail.com